ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. EG1/35573/2023/DTE തീയതി 26-11-2024

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്- എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ)- ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ 15.11.2024 ലെ ഇതേ നമ്പർ ഉത്തരവ്

ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നടത്തുന്നതിന് വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ട സൂചന സീനിയോറിറ്റി പട്ടികയിലെ ആദ്യത്തെ (12 ജീവനക്കാർ) **01.01.2021 മുതൽ 31.12.2023** വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (സെൽഫ് അസ്സെസ്മെൻറ് സഹിതം), യോഗ്യത നേടിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ച ഉത്തരവിൻറെ പകർപ്പ് എന്നിവ സ്ഥാപനമേധാവികൾ മുഖേന ഈ സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ **7 ദിവസത്തിനുള്ളിൽ** ഈ ഓഫീസിൽ സമർപ്പിക്കണമെന്ന് അറിയിക്കുന്നു. മേൽ സൂചിപ്പിച്ച കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നേരത്തെ സമർപ്പിച്ചിട്ടുള്ളവർ നൽകേണ്ടതില്ല.

കോൺഫിഡൻഷ്യൽറിപ്പോർട്ടുകൾ സമയബന്ധിതമായും തെറ്റ് കൂടാതെയും സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം വകുപ്പ് തല പ്രമോഷന് കമ്മിറ്റി കൂടുന്നതിന് കാല താമസം നേരിടുന്നുണ്ട് . **സിആർ തെറ്റ് കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ് . ഈ വിഷയത്തിൽ സ്ഥാപനമേധാവികൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.**

മേൽ വിവരിച്ച സാഹചര്യത്തിൽ **2021** മുതൽ **2022** വരെ സിആർ ഫിസിക്കലായും **2023** മുതൽ **SCORE** മുഖേനയും സമർപ്പിച്ചിട്ടില്ലാത്തവർ ഈ സർക്കുലർ പ്രസിദ്ധീകരിച്ചു ഏഴു ദിവസത്തിനകം അവ സമർപ്പിക്കേണ്ടതാണ് എന്ന്

കർശനമായി നിർദേശിക്കുന്നു .

ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ട ജീവനക്കാർ ആരെങ്കിലും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടാതെ **ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെങ്കിലും പ്രസ്തുത തസ്തിക താൽകാലികമായോ സ്ഥിരമായോ പരിത്യജിക്കുന്നെണ്ടെങ്കിൽ ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും അതിൻറെ അസ്സൽ പകർപ്പ് സ്ഥാപനമേധാവി മുഖേന അടിയന്തിരമായി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.ഈ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കുവാൻ എല്ലാ സ്ഥാപനമേധാവികളെയും ഇതിനാൽ ചുമതലപ്പെടുത്തുന്നു.**

Sunilkumar C V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Sunilkumar C V
Date: 28-11-2024 12:43:24